**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2788** **06-10-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ ആരോഗ്യ മേഖലയിൽ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം അടിസ്ഥാന വികസന മേഖലയിൽ കൈവരിച്ച നേട്ടങ്ങൾക്ക് പിന്നിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് നിർണ്ണായക പങ്കുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനം അടിസ്ഥാന വികസന മേഖലയിൽ കൈവരിച്ച നേട്ടങ്ങൾക്ക് പിന്നിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് നിർണ്ണായക പങ്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ദേശീയപാത വികസനം ഉൾപ്പെടെയുള്ള സർക്കാരിന്റെ വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുവാൻ സഹകരണ പ്രസ്ഥാനത്തിലെ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘമായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം മികച്ച രീതിയിൽ സംഭാവന ചെയ്തിട്ടുണ്ട്. |
| (ബി) | രോഗികൾക്ക് കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി നടത്തിവരുന്ന നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; അർബുദബാധിതർക്കും ഡയാലിസിസ് ചെയ്യുന്നവർക്കുമുള്ള മരുന്നുകൾ കുറഞ്ഞ നിരക്കിൽ നൽകുന്നതിന് നീതി മെഡിക്കൽ സ്കീം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നീതി മെഡിക്കൽ സ്റ്റോറുകൾ വഴി വില നിയന്ത്രിക്കുന്നതിനും സൗജന്യ നിരക്കിൽ മരുന്ന് ലഭ്യമാക്കുന്നതിനും സംസ്ഥാനം വലിയ പങ്ക് വഹിച്ച് വരുന്നു. ഇതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് 50 ശതമാനം മുതൽ 80 ശതമാനം വരെ വിലക്കുറവ് ലഭിക്കുന്ന വിധം വിൽപ്പന വില നിശ്ചയിച്ച് നീതി മെഡിക്കൽ സ്റ്റോറുകൾ വഴി മരുന്ന് വിതരണം ചെയ്ത് വരുന്നു. |
| (സി) | ഇന്ത്യയിൽ ഏറ്റവുമധികം സഹകരണ ആശുപത്രികൾ പ്രവർത്തിക്കുന്ന കേരളത്തിൽ ആരോഗ്യ മേഖലയിൽ നൂതന ആശയങ്ങൾ കണ്ടെത്തുന്നതിനായി ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ആരോഗ്യ മേഖലയിൽ നൂതന ആശയങ്ങൾ കണ്ടെത്തുന്നതിനായുള്ള ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്ന കാര്യം നിലവിൽ സഹകരണ വകുപ്പിന്റെ പരിഗണനയിലില്ല. |
| (ഡി) | ആശുപത്രി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും സഹകരണ ആശുപത്രികളുടെ ആഭിമുഖ്യത്തിൽ നേഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ആശുപത്രി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും സഹകരണ ആശുപത്രികളുടെ കീഴിൽ നേഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനും സർക്കാർ തലത്തിൽ പ്രത്യേക പദ്ധതികൾ രൂപികരിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളായ കൺസ്യൂമർഫെഡ്, ആശുപത്രി |

| | | | |
|---|---|---|---|
| | | | സഹകരണ സംഘങ്ങൾ എന്നിവയുടെ നിയന്ത്രണത്തിൽ 10 നേഴ്സിംഗ് കോളേജുകളും 8 പാരമെഡിക്കൽ കോളേജുകളും പ്രവർത്തിച്ച് വരുന്നു. കൂടാതെ സഹകരണ സ്ഥാപനമായ കേപ്പിന്റെ (CAPE) നിയന്ത്രണത്തിൽ 2 നേഴ്സിംഗ് കോളേജുകൾ പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ